(ബി) ഇവ ഏതെന്നും എത്ര വർഷത്തെ റിപ്പോർട്ടും ബാലൻസ് ഷീറ്റും ഇവ ഫയൽ ചെയ്തിട്ടില്ലെന്നും കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(സി) ഇവയിൽ ഏതെങ്കിലും കമ്പനിയുടെമേൽ സാമ്പത്തിക കുറ്റങ്ങൾക്കായുള്ള കോടതിയിൽ കേസ് നടക്കുന്നുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ഇ) ഇവയുടെ വാർഷിക റിപ്പോർട്ടും ബാലൻസ് ഷീറ്റും ഫയൽ ചെയ്യുന്നതിന് വന്ന കാലതാമസത്തിന് കാരണം അറിയിക്കുമോ?

ഉത്തരം

(എ—ഇ) വിവരം ശേഖരിച്ചുവരുന്നു.

തൃശ്ശൂർ ജില്ലയിലെ ഗുണ്ടാ-മാഫിയാ ആക്രമണങ്ങൾ

163 [819] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ ജില്ലയിൽ ഗുണ്ടാ-മാഫിയാ ആക്രമണങ്ങളുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ കാലയളവിൽ ഈ ജില്ലയിൽ എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ട്;

(സി) ഇതിൽ എത്ര പ്രതികളെ പിടികൂടിയിട്ടുണ്ടെന്നും ഇനി പിടികൂടാൻ കഴിയാത്തതായി എത്ര പേരുണ്ടെന്നും അറിയിക്കാമോ;

(ഡി) പ്രസ്തുത ആക്രമണങ്ങളിൽ പരിക്കേറ്റവർ എത്ര;

(ഇ) ഗുണ്ടാ-മാഫിയാ അതിക്രമങ്ങൾ തടയുവാൻ പോലീസ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(എഫ്) പ്രസ്തുത നടപടികളുടെ ഭാഗമായി ഈ അതിക്രമങ്ങൾ തടയുവാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

ഉത്തരം

(എ) സാമൂഹ്യ വിരുദ്ധരുടേയും കുലിത്തല്ലുകാരുടേയും ആക്രമണങ്ങളുമായി ബന്ധപ്പെട്ട് 19 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 130 കൊലപാതകങ്ങൾ നടന്നിട്ടുണ്ട്.

(സി) മേൽ കേസുകളിലായി 262 പേരെ പിടികൂടുകയും 12 പേരെ ഇനിയും പിടികൂടുവാനുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 4 പേർ.

(ഇ) തൃശ്ശൂർ ജില്ലയിൽ ഗുണ്ടാ സ്ക്വാഡ് രൂപീകരിച്ച് ഇത്തരക്കാരെ കണ്ടെത്തി നിയമനടപടി സ്വീകരിച്ചിട്ടുണ്ട്.

(എഫ്) പരിശോധിച്ചിട്ടുണ്ട്. അതിക്രമങ്ങൾ വളരെയധികം കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.

വിവിധ കുറ്റകൃത്യങ്ങളുടെ കണക്ക് വിവരം

164 [821] ശ്രീ. ബിനോയ് വിശ്വം:
„ പി. നാരായണൻ:
„ എം. കുമാരൻ:
„ പി. എസ്. സുപാൽ:
„ മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്രമസമാധാനനില ഗുരുതരമായ രീതിയിൽ തകരാറിലായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ സംസ്ഥാനത്ത് എത്ര അധോലോക കൊലപാതകങ്ങളും അജ്ഞാത കൊലപാതകങ്ങളും നടന്നിട്ടുണ്ട്;

(സി) ഈ കാലയളവിൽ സംസ്ഥാനത്ത് നടന്ന കൂറ്റ കൃത്യങ്ങളുടേയും, മോഷണം, കവർച്ച എന്നിവയുടേയും പോലീസുകാർ പ്രതികളായുള്ള കേസുകളുടേയും വിവരങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ഇക്കാലത്ത് നടന്നിട്ടുള്ള കുട്ടികളുടെ നേരെയുള്ള അതിക്രമങ്ങൾ, അധോലോക സംഘങ്ങളുടെ പ്രവർത്തനങ്ങൾ തുടങ്ങിയവയുടെ വിശദ വിവരങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ക്രമസമാധാനനില തകരാറിലായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അധോലോക കൊലപാതകങ്ങൾ ഇല്ല. അജ്ഞാത കൊലപാതകങ്ങൾ 21 എണ്ണം.

LIBRARY ARCHIVES Kerala Legislative Assembly